ഇന്ത്യയിൽ നിന്നുള്ള കാർഷികോൽപ്പന്നങ്ങളുടെ കയറ്റുമതി പരമാവധി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കണമെന്നും പുനഃകയറ്റുമതിക്കുവേണ്ടി ഇറക്കുമതി ചെയ്യപ്പെടുന്ന കാർഷികോൽപ്പന്നങ്ങൾക്ക് നിശ്ചിത തോതിൽ മൂല്യവർദ്ധനവ് നടത്തി മാത്രമേ കയറ്റുമതി അനുവദിക്കാവൂ എന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

"പഴം-പച്ചക്കറി കയറ്റുമതിക്കുവേണ്ടി പ്രത്യേക വിമാനം"

129 [2747] ശ്രീ. പി. ടി. തോമസ്:
,, കെ. മോഹൻകുമാർ:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, എം. എ. വാഹീദ്:
,, എം. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിന്ന് എങ്ങോട്ടെല്ലാം വിമാനം വഴി മലക്കറിയും പഴവർഗ്ഗങ്ങളും കയറ്റുമതി ചെയ്യുന്നു എന്നു പറയുമോ;

(ബി) കുറഞ്ഞ ചാർജിൽ വിമാനക്കമ്പനികൾ യാത്രക്കാരെ കൊണ്ടു പോകുമ്പോൾ സംസ്ഥാനത്തു നിന്നും പഴവും പച്ചക്കറിയും കയറ്റുമതി ചെയ്യാനുള്ള വിമാനസൗകര്യം കുറയുവാനിടയുണ്ടോ;

(സി) ഇത് സംസ്ഥാനത്തുനിന്നുള്ള പഴം-പച്ചക്കറി കയറ്റുമതിയെ പ്രതികൂലമായി ബാധിക്കുമോ; എങ്കിൽ പഴം പച്ചക്കറി കയറ്റുമതിക്കുവേണ്ടി പ്രത്യേക വിമാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) പ്രധാനമായും പശ്ചിമേഷ്യൻ രാജ്യങ്ങൾ (ഗൾഫ് മേഖല), മാലി, യൂറോപ്യൻ രാജ്യങ്ങൾ, അമേരിക്ക, കാനഡ മുതലായ സ്ഥലങ്ങളിലേക്കാണ് വിമാനം വഴി മലക്കറിയും പഴവർഗ്ഗങ്ങളും കയറ്റുമതി ചെയ്യുന്നത്.

(ബി) ഉണ്ട്.

(സി) എത്രത്തോളം ബാധിക്കുമെന്ന് ഇപ്പോൾ പറയാൻ കഴിയില്ല. പച്ചക്കറി കയറ്റുമതിക്ക് വേണ്ടി പ്രത്യേക വിമാനം ഏർപ്പെടുത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly